**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2488** **15-10-2024 - ൽ മറുപടിയ്ക്ക്**

**സ്കിൽ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങൾക്ക് ലഭിച്ച കേന്ദ്ര സാമ്പത്തികസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ മുഖേന സ്കിൽ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങൾക്കായി 2016 മുതൽ നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും കേരളത്തിന് ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ സംരംഭകരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ *പട്ടികജാതി പട്ടികവർഗ്ഗ ഹബ്ബ്* പദ്ധതിയ്ക്കായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മന്ത്രാലയം മുഖേന 15,00,000/- രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ടിൽ നിന്നും ഓരോ വർഷവും ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ; | (ബി) | മേൽ സൂചിപ്പിച്ച ഫണ്ട് കൂടി ഉൾപ്പെടുത്തി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ സംരംഭകരുടെ സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് :-<br><br>2018-2019 = 12,14,141/- രൂപ<br><br>2019-2020 = 6,60,259/- രൂപ<br><br>2020-2021 = 7,85,620/- രൂപ<br><br>2021-2022 = 3,26,480/- രൂപ<br><br>ആകെ 29,86,500/- രൂപ ചെലവാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.<br><br>**2018 -2019**<br><br>കൊച്ചിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടന്ന ഭക്ഷ്യ സംസ്കരണ മേഖലയിലെ നൈപുണ്യ വികസന പരിശീലന പരിപാടി (2018 ഡിസംബർ 10 മുതൽ 15 വരെ) . എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി സഹകരിച്ച് കൊച്ചിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റിൽ വെച്ച് സംഘടിപ്പിച്ച മുള മേഖലയിലെ നൈപുണ്യ, |

| | | | |
|---|---|---|---|
| | | | സംരംഭകത്വ വികസന പരിശീലന പരിപാടി (2018 ഡിസംബർ 17 മുതൽ 21 വരെ). ദലിത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ കേരള ചാപ്റ്റർ മുഖേന (2019 മാർച്ച് 9-10) ഇടുക്കിയിലെ തേക്കടിയിൽ നടന്ന ഉൽപ്പന്ന പരിശീലന പരിപാടി.<br><br>**<u>2019 -2020</u>**<br><br>കൈത്തറി മേഖലയിലെ നൈപുണ്യ വികസന പരിശീലന പരിപാടി - 2019 ഡിസംബർ 17 മുതൽ 2020 മാർച്ച് 17 വരെ തിരുവനന്തപുരത്ത് വെച്ച് സംഘടിപ്പിച്ചു. നാച്ചുറൽ സിൽക്ക് കൊക്കൂൺ ക്രാഫ്റ്റ് പരിശീലനം - 2020 മാർച്ച് 9 മുതൽ 15 വരെ കൊച്ചിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റിൽ വെച്ച് നടത്തി.<br><br>**<u>2020 -2021</u>**<br><br>നൈപുണ്യ വികസന പരിശീലന പരിപാടി - 2021 ജനുവരി 13 മുതൽ 26 വരെ (സംരംഭകത്വ & നൈപുണ്യ വികസന സൊസൈറ്റി, അരുവിക്കര, തിരുവനന്തപുരം). നൈപുണ്യ വികസനവും വസ്ത്ര ഡിസൈനിംഗ് പരിശീലനവും - 2021 ഫെബ്രുവരി 12 മുതൽ മാർച്ച് 1 വരെ 14 ദിവസം (തണൽ സാംസ്കാരിക സമിതി, തിരുവനന്തപുരം)<br><br>**<u>2021 -2022</u>**<br><br>2021 ജൂലൈ 29 മുതൽ ഓഗസ്റ്റ് 18 വരെ 14 ദിവസത്തെ സ്കിൽ ഡെവലപ്മെന്റ് ആൻഡ് ഗാർമെന്റ് ഡിസൈനിംഗ് പരിശീലനം തിരുവനന്തപുരം, കോവളത്ത് വെള്ളാറിൽ സംഘടിപ്പിച്ചു. (തണൽ സാംസ്കാരിക സമിതി, തിരുവനന്തപുരം). |
| (ഡി) | കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (കെ.എ.എസ്.ഇ.), കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നീ സ്ഥാപനങ്ങൾ വഴി 2016 മുതൽ നാളിതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | <u>(ഡി), (ഇ) & (എഫ്)</u><br><br>കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നീ സ്ഥാപനങ്ങൾ വഴി വ്യവസായ വകുപ്പ് പരിശീലനം നൽകിയിട്ടില്ല. |
| (ഇ) | ഇതിനായി പ്രസ്തുത കാലയളവിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ഇ) | മറുപടി (ഡി) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (എഫ്) | പരിശീലനം പൂർത്തിയാക്കിയ എത്ര പേർ പ്രസ്തുത കാലയളവിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (എഫ്) | മറുപടി (ഡി) പാർട്ടിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ